**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2000** **12-09-2023 - ൽ മറുപടിയ്ക്ക്**

**എ .ഐ ക്യാമറകൾ സ്ഥാപിച്ചതിന്റെ പി.എം.സി.-യും കരാർ കമ്പനിയും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. സജീവ് ജോസഫ്** | | **ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | എ .ഐ ക്യാമറകൾ സ്ഥാപിക്കാനായി പി.എം.സി. (പ്രൊജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് ) ആയി തെരഞ്ഞെടുക്കപ്പെട്ട കെൽട്രോണിന് കരാർ കമ്പനികളുമായി നേരിട്ട് കരാറിൽ ഏർപ്പെടാൻ മോട്ടോർ വാഹന വകുപ്പ് അനുവാദം നൽകിയിരുന്നോയെന്ന് വ്യക്തമാക്കാമോ; | (എ) | സുതാര്യമായ ടെണ്ടർ നടപടികളിലൂടെ കമ്പനിയെ തിരഞ്ഞെടുക്കാൻ കെൽട്രോണിന് മോട്ടോർ വാഹന വകുപ്പ് അനുവാദം നൽകിയിട്ടുണ്ട്. |
| (ബി) | പി.എം.സി.കൾക്ക് കരാർ കമ്പനികളുമായി ഒറ്റയ്ക്ക് കരാറിൽ ഏർപ്പെടാൻ സാധിക്കില്ല എന്ന ധനവകുപ്പിന്റെ ഉത്തരവിലെ വ്യവസ്ഥകൾക്ക് വിപരീതമായി കെൽട്രോണിന് എസ്.ആർ.ഐ.ടി. എന്ന സ്ഥാപനവുമായി കരാറിൽ ഏർപ്പെടാൻ മോട്ടോർ വാഹന വകുപ്പ് അനുവാദം നൽകിയിരുന്നോ; എങ്കിൽ എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; | (ബി) | കെൽട്രോണിനെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് (പി.എം.സി) ആക്കുവാനും വെണ്ടറെ സുതാര്യമായ പ്രക്രിയയിലൂടെ തിരഞ്ഞെടുക്കുവാനും 18-03-2020 ൽ ധനകാര്യവകുപ്പ് ശിപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 27-04-2020 ലെ G.O(Rt)134/2020/TRANS പ്രകാരം സർക്കാർ അനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളാണ് മോട്ടോർ വാഹനവകുപ്പും കെൽട്രോണും സ്വീകരിച്ചിട്ടുള്ളത്. |
| (സി) | കരാർ കമ്പനികളെ തെരഞ്ഞെടുക്കാൻ പി.എം.സി.കളെ ഏല്പിക്കുന്ന സാഹചര്യത്തിൽ മാതൃ വകുപ്പും പി.എം.സി.യും കരാർ കമ്പനിയും ചേർന്നുള്ള ത്രികക്ഷി കാരാറിൽ മാത്രമേ ഏർപ്പെടാൻ പാടുള്ളൂ എന്ന ധനവകുപ്പിന്റെ നിബന്ധന മോട്ടോർ വാഹന വകുപ്പ് ലംഘിച്ചിട്ടുണ്ടോ; എങ്കിൽ സാഹചര്യം വിശദമാക്കാമോ? | (സി) | കെൽട്രോണിനെ പ്രോജക്റ്റ് മാനേജ്മെന്റ് കൺസൾട്ടന്റ് (പി.എം.സി) ആക്കുവാനും വെണ്ടറെ സുതാര്യമായ പ്രക്രിയയിലൂടെ തിരഞ്ഞെടുക്കുവാനും 18-03-2020 ൽ ധനകാര്യവകുപ്പ് ശിപാർശ ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ 27-04-2020 ലെ G.O(Rt)134/2020/TRANS പ്രകാരം സർക്കാർ അനുമതി ഉത്തരവ് നൽകുകയും ചെയ്തിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിലുള്ള തുടർ നടപടികളാണ് മോട്ടോർ വാഹനവകുപ്പും കെൽട്രോണും സ്വീകരിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ